കാൽ നൂറ്റാണ്ടിന്റെ അഭിമാനഗാഥയ്ക്ക് വർണാഭമായ സമാപനം

MARC- സിൽവർ ജൂബിലി ആഘോഷം പ്രൗഢഗംഭീരമായി

ബിജു മുണ്ടക്കൽ

ചിക്കാഗോ: മലയാളി റെസ്പിറേറ്ററി കെയർ പ്രൊഫഷണലുകളുടെ സംഘടനയായ മലയാളി അസോസിയേഷൻ ഓഫ് റെസ്പിറേറ്ററി കെയർ (MARC)ന്റെ സിൽവർ ജൂബിലി ആഘോഷങ്ങൾക്ക് വർണാഭമായ സമാപനം. 2001-ൽ രൂപീകൃതമായ സംഘടനയുടെ ഒരു വർഷം നീണ്ടുനിന്ന രജതജൂബിലി ആഘോഷങ്ങളുടെ സമാപനച്ചടങ്ങ് ഒക്ടോബർ 17-ന് മൗണ്ട് പ്രോസ്പെക്ടിലെ ഒലിവ് പാലസ് ബാങ്കറ്റ് ഹാളിൽ പ്രൗഢഗംഭീരമായി നടന്നു. സംഘടനയുടെ കാൽ നൂറ്റാണ്ടുകാലത്തെ പ്രവർത്തനങ്ങളും നേട്ടങ്ങളും സൗഹൃദവും ഒത്തൊരുമയും നിറഞ്ഞ അന്തരീക്ഷത്തിൽ ആഘോഷിച്ച ചടങ്ങിൽ നിരവധി അംഗങ്ങളും കുടുംബാംഗങ്ങളും അതിഥികളും പങ്കെടുത്തു.

വൈകുന്നേരം ആറിന് മോഹിത് ദാമോദരന്റെ വയലിൻ കച്ചേരിയോടെയാണ് പരിപാടികൾ ആരംഭിച്ചത്. തുടർന്ന് മാർക്കിന്റെ 25 വർഷത്തെ ചരിത്രവും പ്രവർത്തനങ്ങളും നേട്ടങ്ങളും കോർത്തിണക്കിയ പ്രത്യേക വീഡിയോ പ്രദർശിപ്പിച്ചു. സംഘടനയുടെ വളർച്ചയുടെ നാൾവഴികളിലൂടെ സഞ്ചരിച്ച വീഡിയോ സദസ്സിന് പഴയകാല ഓർമ്മകൾ സമ്മാനിച്ചു.

രാത്രി ഏഴിനു നടന്ന പൊതുസമ്മേളനത്തിൽ സിൽവർ ജൂബിലി കോ-ഓർഡിനേറ്റർ സ്കറിയാക്കുട്ടി സ്വാഗതം ആശംസിച്ചു. സംഘടനയുടെ രൂപീകരണം മുതലുള്ള നാൾവഴികൾ ഓർമിച്ച സ്കറിയാക്കുട്ടി ഈ സംഘടന കൂടുതൽ ശക്തിയാർജിച്ച് മുന്നോട്ടു പോകുമെന്ന് പ്രത്യാശ പ്രകടിപ്പിച്ചു. രജതജൂബിലി ആഘോഷങ്ങളുടെ ഭാഗമായി കേരളത്തിലുള്ള അർഹരായ മൂന്ന് കുടുംബങ്ങൾക്ക് സാമൂഹികപ്രവർത്തക ഡോ. എം.എസ്. സുനിലിന്റെ നേതൃത്വത്തിൽ മാർക്കിന്റെ അംഗങ്ങളുടെ സഹകരണത്തോടെ വീടുകൾ നിർമിച്ച് നല്കുന്നതിന് സംഘടനയ്ക്ക് കഴിഞ്ഞതായും അദ്ദേഹം പറഞ്ഞു. പ്രസിഡണ്ട് ടോം ജോസ് അദ്ധ്യക്ഷത വഹിച്ചു. സംഘടനയുടെ വിജയത്തിന് അടിത്തറയായത് അംഗങ്ങൾക്കിടയിലെ സൗഹൃദവും ഐക്യവും കൂട്ടായ പ്രവർത്തനങ്ങളുമാണെന്ന് അദ്ദേഹം തന്റെ അദ്ധ്യക്ഷ പ്രസംഗത്തിൽ പറഞ്ഞു. നേഹ ഹരിദാസ്, എലൈൻ റോണി, റൂത്ത് മംഗളവിൽ എന്നിവർ അമേരിക്കൻ ഇന്ത്യൻ ദേശീയഗാനങ്ങൾ ആലപിച്ചു.

ഇല്ലിനോയി സൊസൈറ്റി ഫോർ റെസ്പിറേറ്ററി കെയറിന്റെ (ISRC) പ്രസിഡണ്ട് ജീന ഹൂട്സ് സമ്മേളനം ഉദ്ഘാടനം ചെയ്തു. റെസ്പിറേറ്ററി കെയർ മേഖല കൈവരിച്ചുകൊണ്ടിരിക്കുന്ന പുരോഗതിയെക്കുറിച്ചും ആ രംഗത്ത് MARC നടത്തുന്ന പ്രവർത്തനങ്ങളെക്കുറിച്ചും അവർ സംസാരിച്ചു. സംഘടനയുടെ നേട്ടങ്ങളെ അഭിനന്ദിച്ച അവർ തുടർന്നും മികച്ച പ്രവർത്തനങ്ങൾ കാഴ്ചവെക്കാൻ ആശംസകൾ നേർന്നു. ഉദ്ഘാടനത്തിനുശേഷം നടന്ന നിലവിളക്ക് കൊളുത്തൽ ചടങ്ങിൽ ജീന ഹൂട്സ് ആൻ ഗെറ്റ്സ്കെമ്പർ, ടോം ജോസ്, സമയ ജോർജ്, സണ്ണി സ്കറിയ, സ്കറിയാക്കുട്ടി തോമസ്, രഞ്ജി വർഗീസ്, വിജയ് വിൻസെന്റ്, സന്തോഷ് ജോർജ്, റോണിഷ് മാത്യു, സണ്ണി കൊട്ടുകപ്പള്ളി, ട്രീസ ഷേ, ടോം കാലായിൽ എന്നിവരും മുൻ പ്രസിഡണ്ടുമാരും വിവിധ പ്രൊഫഷണൽ സംഘടനകളുടെ പ്രതിനിധികളും പങ്കെടുത്തു.

അമേരിക്കൻ അസോസിയേഷൻ ഫോർ റെസ്പിറേറ്ററി കെയറിന്റെ (AARC) ഡയറക്ടർ അറ്റ് ലാർജ് ആനി ഗെറ്റ്സ്കെമ്പർ ചടങ്ങിന് ആശംസകൾ നേർന്നു. MARC കൈവരിച്ച നേട്ടങ്ങളെയും സമൂഹത്തിനുവേണ്ടി സംഘടന നടത്തുന്ന പ്രവർത്തനങ്ങളെയും അവർ അഭിനന്ദിച്ചു.



മാർക്ക് രജതജൂബിലി ആഘോഷങ്ങളുടെ സമാപന സമ്മേളനം ഐ.എസ്.ആർ.സി പ്രസിഡണ്ട് ജീന ഹൂട്സ് ഉദ്ഘാടനം ചെയ്യുന്നു. ജൂബിലി കോ-ഓർഡിനേറ്റർ സ്കറിയാക്കുട്ടി തോമസ്, സെക്രട്ടറി വിൻസെന്റ് വിജയൻ, ട്രഷറർ രഞ്ജി വർഗീസ്, പിആർഒ ബിജു മുണ്ടക്കൽ, പ്രസിഡണ്ട് ടോം ജോസ്, മാർക്ക് സെക്രട്ടറി സമയാ ജോർജ്, ട്രഷറർ സണ്ണി സ്കറിയ, സണ്ണി കൊട്ടുകപ്പള്ളി, റോണിഷ് മാത്യു, സന്തോഷ് ജോർജ്, ഫിലിപ്പ് കുന്നേൽ, ടോം മലയിൽ, AARC ഡയറക്ടർ അറ്റ് ലാർജ് ആനി ഗെറ്റ്സ്കെമ്പർ, ഡോ. സിമി ജെസ്റ്റോ, ജോൺ ചിറയിൽ എന്നിവർ സമീപം.

ഇന്ത്യൻ നേഴ്സസ് അസോസിയേഷൻ ഓഫ് ഇല്ലിനോയിയുടെ പ്രസിഡണ്ട് ഡോ. സിമി ജെസ്റ്റോ, മലയാളി റേഡിയോഗ്രാഫേഴ്സ് അസോസിയേഷൻ പ്രസിഡണ്ട് സോണി പോൾ, അസോസിയേഷൻ ഓഫ് റിഹാബിലിറ്റേഷൻ പ്രൊഫഷണൽസ് ഓഫ് കേരള ഒറിജിൻ വൈസ് പ്രസിഡണ്ട് അരുൺ സിറിയക്, ഇന്ത്യൻ സോഷ്യൽ വർക്കേഴ്സ് ഓഫ് ഇല്ലിനോയിയുടെ ചെയർമാൻ ജോസ് കോലഞ്ചേരി എന്നിവർ ആശംസകൾ അർപ്പിച്ചു.

സംഘടനയുടെ വളർച്ചയിൽ നിർണായക പങ്കുവഹിച്ച സ്ഥാപക നേതാക്കളായ സ്കറിയാക്കുട്ടി തോമസ്, രഞ്ജി വർഗീസ്, വിജയൻ വിൻസെന്റ്, ജോൺ ചിറയിൽ, സാം തുണ്ടിയിൽ, സൈമൺ ചക്കാലപ്പറമ്പിൽ എന്നിവരെ ചടങ്ങിൽ ആദരിച്ചു. 2001 മുതൽ സംഘടനയെ നയിച്ച മുൻ പ്രസിഡണ്ടുമാരെയും പ്രധാന സ്പോൺസർമാരെയും പ്രത്യേകം ആദരിച്ചു. സ്ഥാപകനേതാക്കളെ ആദരിക്കുന്ന ചടങ്ങിന് രഞ്ജി വർഗീസ് നേതൃത്വം നല്കി. മെഗാ സ്പോൺസറായ ഹുസൈൻ മിർസ, സാറ മിർസ എന്നിവരെയും മറ്റ് സ്പോൺസർമാരായ ഫ്രാൻസിസ് കിഴക്കേക്കുറ്റ്, റേ ആഷെർ, ബിൻസി ഏലിയാസ്, ലിസ സിനഗർ, റേ കലിൻസ്കി, കോറി എലിയറ്റ്, കെവിൻ മക്ഡർമോട്ട്, ഹോസെ ലൂയിസ് എന്നിവരെയും അസോസിയേഷൻ ആദരിച്ചു. മുൻ പ്രസിഡണ്ടുമാരെ ആദരിക്കുന്നതിന് സമയ ജോർജും സ്പോൺസർമാരെ ആദരിക്കുന്നതിന് ഷെവലിയർ ജെയ്മോൻ സ്കറിയയും നേതൃത്വം നല്കി.

സിൽവർ ജൂബിലിയുടെ സ്മരണയ്ക്കായി തയ്യാറാക്കിയ സുവനീർ ജീന ഹൂട്സ് പ്രകാശനം ചെയ്തു. പഴയ തലമുറയെ പ്രതിനിധീകരിച്ച് ഫിലിപ്പ് സ്റ്റീഫനും ബെൻസി ബെനഡിക്ടും ചേർന്ന് ആദ്യപ്രതി ജീന ഹൂട്സിനു കൈമാറി. തുടർന്ന് പുതിയ തലമുറയെ പ്രതിനിധീകരിച്ച് അഭിജിത് കുമാറിനും കുരുവിള തോമസിനും സുവനീർ കൈമാറി. തലമുറകൾ തമ്മിലുള്ള ബന്ധവും സംഘടനയുടെ പാരമ്പര്യത്തിന്റെ തുടർച്ചയും പ്രതീകാത്മകമായി വിളിച്ചോതിയ ഈ ചടങ്ങ് ശ്രദ്ധേയമായി.

MARC-ന്റെ ചരിത്രവും പ്രവർത്തനങ്ങളും സേവനങ്ങളും അംഗങ്ങളുടെ ഓർമ്മകളും ലേഖനങ്ങളും സാഹിത്യരചനകളും ഉൾക്കൊള്ളുന്നതാണ് സുവനീർ. ചീഫ് എഡിറ്റർ സന്തോഷ് ജോർജിന്റെ നേതൃത്വത്തിൽ തയ്യാറാക്കിയ ഈ പ്രസിദ്ധീകരണം സംഘടനയുടെ കാൽ നൂറ്റാണ്ടുകാലത്തെ യാത്രയുടെ രേഖയായി മാറി.

ഔദ്യോഗിക സമ്മേളനത്തിനുശേഷം നടന്ന കലാപരിപാടികൾ ആഘോഷത്തിന് കൂടുതൽ നിറപ്പകിട്ടേകി. എലീനർ, ഡയാന, ജോർലി, ഐറിൻ, ജെയ്ഡൻ ജോസ് എന്നിവർ അവതരിപ്പിച്ച നൃത്തങ്ങൾ സദസ്സിന്റെ കൈയടി നേടി. പീറ്റർ തിരുനെല്ലിപ്പറമ്പിൽ, മെർലിൻ ജോസ്, അനൂജ് എന്നിവർ ഗാനങ്ങൾ ആലപിച്ചു. ഗ്ലെൻബ്രൂക്ക് ഹോസ്പിറ്റൽ ടീമിന്റെ ഗാനമേളയും വി. എ. ഹെയിൻസ് ഹോസ്പിറ്റൽ ടീമിന്റെ ഫാഷൻ ഷോയും പരിപാടികൾക്ക് വൈവിധ്യം പകർന്നു. ജോമോനും സംഘവും അവതരിപ്പിച്ച സംഗീതപരിപാടിയും കൊച്ചുവീട്ടിൽ ടീമിന്റെ ചെണ്ടമേളവും ആഘോഷത്തിന് ആവേശം കൂട്ടി. സി.ജെ. മാത്യുവിന്റെ ഡിജെ പരിപാടിയോടെ കലാപരിപാടികൾ സമാപിച്ചു.

സംഘടനയുടെ രജതജൂബിലി ആഘോഷം വിജയകരമാക്കുന്നതിൽ പ്രസിഡണ്ട് ടോം ജോസ്, സെക്രട്ടറി സമയ ജോർജ്, ട്രഷറർ സണ്ണി സ്കറിയ, വൈസ് പ്രസിഡണ്ട് സണ്ണി കൊട്ടുകപ്പള്ളി, ജോയിന്റ് സെക്രട്ടറി റോണിഷ് മാത്യു, ജോയിന്റ് ട്രഷറർ സന്തോഷ് ജോർജ്, ജനറൽ ഓർഗനൈസർ ബിൻസി ഏലിയാസ്, വിദ്യാഭ്യാസ കോ-ഓർഡിനേറ്റർ ട്രീസ ഷേ, പിആർഒ ബിജു മുണ്ടക്കൽ, ഓഡിറ്റർ ടോം കലയിൽ എന്നിവരുടെ നേതൃത്വത്തിലുള്ള ഭാരവാഹികളും സംഘാടക സമിതിയും സജീവമായി പ്രവർത്തിച്ചു. വിൻസെന്റ് വിജയൻ നന്ദി രേഖപ്പെടുത്തി.

റെസ്പിറേറ്ററി കെയർമേഖലയിലെ പ്രൊഫഷണലുകളെ ഒരുമിപ്പിക്കുകയും സൗഹൃദവും സേവനമനോഭാവവും വളർത്തുകയും ചെയ്ത MARC-ന്റെ 25 വർഷത്തെ യാത്രയുടെ ആഘോഷമായിരുന്നു സിൽവർ ജൂബിലി. സംഘടനയുടെ ചരിത്രത്തിലെ സുപ്രധാന നാഴികക്കല്ലായി മാറിയ ഈ ആഘോഷം അംഗങ്ങൾക്കും കുടുംബങ്ങൾക്കും ഒരുപോലെ മറക്കാനാകാത്ത അനുഭവമായി. സംഘടനയുടെ പിആർഒ ആയ ബിജു മുണ്ടക്കലും ജനറൽ ഓർഗനൈസർ ആയ ബിൻസി ഏലിയാസും എംസിമാരായിരുന്നു.

MARC- സിൽവർ ജൂബിലി ആഘോഷം ചിത്രങ്ങളിലൂടെ...





























MARC- സിൽവർ ജൂബിലി ആഘോഷം ചിത്രങ്ങളിലൂടെ...





























